പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3785 19.2.2013 ൽ മറുപടി പറയേണ്ടിയിരുന്നത്

**സ്വകാര്യസ്ഥാപനങ്ങളിലെ പൊതുജന സുരക്ഷ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സ്വകാര്യസ്ഥാപനങ്ങളിൽ പൊതുജന സുരക്ഷയ്ക്ക് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br>ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;<br>സി) സ്വകാര്യ സ്ഥാപനങ്ങളിൽ ഇതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നത് ആരാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br>ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ)യും, (ബി)യും,(സി)യും, (ഡി)യും<br>സ്വകാര്യ സ്ഥാപനങ്ങളുടേയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്ക് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും സ്വകാര്യ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതിന് അത്തരം സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുതസ്ഥാപനങ്ങളിൽ സുരക്ഷയ്ക്ക് ആവശ്യമായ സെക്യൂരിറ്റി ഗാർഡ്, അലാറം, സർവൈലൻസ് ക്യാമറ തുടങ്ങിയവ സ്ഥാപിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രമുഖ സ്വകാര്യ, പൊതുമേഖല സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാന വ്യവസായ സംരക്ഷണ സേന (SISF) രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ